ഉത്തരം

(എ) കൊയിലാണ്ടി മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവർത്തനങ്ങൾ:- പയ്യോളി പഞ്ചായത്തിൽ ഫൂട്ട് ബ്രിഡ്ജിന്റെ മുകൾ ഭാഗത്ത് കുറ്റ്യാടി പുഴയിൽ കോട്ടത്തുരുത്തി ദ്വീപിന്റെ സംരക്ഷണ പ്രവൃത്തിക്കായി 44.50 ലക്ഷം രൂപ അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) റിവർ മാനേജ്മെന്റ് ഫണ്ട് പ്രകാരം അംഗീകാരം നൽകിയ പദ്ധതികൾ:-

1. പയ്യോളി പഞ്ചായത്തിൽ ഫൂട്ട് ബ്രിഡ്ജിന്റെ മുകൾ ഭാഗത്ത് കുറ്റ്യാടി പുഴയിൽ കോട്ടത്തുരുത്തി ദ്വീപിന്റെ സംരക്ഷണ പ്രവർത്തി : 44.50 ലക്ഷം രൂപ : പ്രവർത്തി പൂർത്തീകരിച്ചു.
2. പയ്യോളി പഞ്ചായത്തിൽ കുറ്റ്യാടി പുഴയിൽ കോട്ടത്തുരുത്തി ദ്വീപിന്റെ സംരക്ഷണ പ്രവർത്തി : 44.50 ലക്ഷം രൂപ ; ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 190 പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്. ആയത് പഞ്ചായത്തടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

1.	ചേമഞ്ചേരി പഞ്ചായത്ത്	-	20
2.	ചെങ്ങോട്ടുകാവ് പഞ്ചായത്ത്	-	25
3.	കൊയിലാണ്ടി നഗരസഭ	-	68
4.	മൂടാടി പഞ്ചായത്ത്	-	15
5.	തിക്കോടി പഞ്ചായത്ത്	-	24
6.	പയ്യോളി മുനിസിപ്പാലിറ്റി	-	38

(ഡി) കളക്ടറേറ്റിൽ അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയില്ല.

ഭൂരഹിതരുടെ കണക്കെടുപ്പ്

152(3032) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത പദ്ധതിയുടെ ആദ്യപടിയായി ഭൂരഹിതരുടെ കണക്കെടുപ്പ് നടത്തുമെന്ന 2012-13 ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കാനായിട്ടുണ്ടോ ;

(ബി) എങ്കിൽ ഭൂരഹിതരുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നടപ്പാക്കിയിട്ടുണ്ട്. ഭ്രരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പിലാക്കുന്നതിന്റെ ആദ്യപടിയായി 9-3-2012 മുതൽ 15-2-2013 വരെ സംസ്ഥാനത്തെ ഭ്രരഹിതരായവരിൽ നിന്നും അപേക്ഷ ക്ഷണിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 2,91,757 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൻപ്രകാരം അന്വേഷണം നടത്തി അർഹരായവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. തുടർന്ന് രണ്ടാംഘട്ടമായി 1-2-2014 മുതൽ 31-3-2014 വരെ വീണ്ടും അപേക്ഷ ക്ഷണിച്ചു. ഇതിൻപ്രകാരം 67,281 അപേക്ഷകൾ ലഭിച്ചിരുന്നു. രണ്ട് ഘട്ടങ്ങളിലുമായി ഭ്രരഹിതർ എന്ന നിലയിൽ ആകെ 3,59,038 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഒന്നാംഘട്ടത്തിൽ ലഭിച്ചിരുന്ന അപേക്ഷകളിൽനിന്ന് 2,43,928 അപേക്ഷകർ സംസ്ഥാനത്തെ അർഹരായ ഭ്രരഹിത കുടുംബങ്ങൾ ആണെന്ന് കണ്ടെത്തി ലിസ്റ്റ് പ്രസിദ്ധീകരിച്ചു. രണ്ടാംഘട്ടത്തിൽ ലഭിച്ച അപേക്ഷകളിൽനിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഒന്നും രണ്ടും ഘട്ടങ്ങളായി ലഭ്യമായിരുന്ന അപേക്ഷകളുടെ എണ്ണവും ഒന്നാം ഘട്ടത്തിലെ അപേക്ഷകളിൽനിന്നും കണ്ടെത്തിയിരുന്ന ഭ്രരഹിത കുടുംബങ്ങളുടെ എണ്ണവും ജില്ലതിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.* 1-2-2014 മുതൽ 31-3-2014 വരെയുള്ള കാലയളവിലും മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടി, റവന്യൂ വകുപ്പുമന്ത്രിയുടെ ജില്ലാതല റവന്യൂ സർവ്വേ അദാലത്ത് എന്നിവ മുഖേനയും ലഭ്യമായ അപേക്ഷകളിൽ നിന്നുള്ള ഭ്രരഹിത കുടുംബങ്ങളെ നിർണ്ണയിക്കുന്ന തിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

പട്ടികജാതി മിശ്രവിവാഹിതരുടെ മക്കൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത്

153(T 3033) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട സമുദായങ്ങളിലെ ആൾക്കാർ തമ്മിൽ മിശ്രവിവാഹം നടത്തിയാൽ അവർക്കുണ്ടാകുന്ന മക്കൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർട്ടിഫിക്കറ്റ് ലഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.